(ബി) ഉണ്ട്.

(സി) വാഴത്തോപ്പ് പബ്ലിക്ക് ഹൗസിംഗ് സ്കീമിൽപ്പെട്ട ഭൂമി 5-10-1993- ലും കട്ടപ്പന ഹൗസിംഗ് സ്കീം സൈറ്റ് 2 സ്റ്റേജ് II, 21-6-1994-ലും ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ വന്നിട്ടുള്ളതാണ്.

(ഡി) കട്ടപ്പന ഘട്ടം II-ൽ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി നിയോജകമണ്ഡലത്തിലുള്ള ബോർഡിന്റെ സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കാൻ ഭവനനിർമ്മാണ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

മൂവാറ്റുപുഴ മണ്ഡലത്തിൽ എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ

151 (4503) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം എത്ര വീടുകൾ വീതം ഓരോ പഞ്ചായത്തിലും പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം ഏതൊക്കെ പഞ്ചായത്തുകളിൽ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് ഹൗസിംഗ് ബോർഡിൽ നിന്നും ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളുടേയും വീടുകളുടേയും വിവരം ചുവടെ ചേർക്കുന്നു.

1. പായിപ്ര ഗ്രാമ പഞ്ചായത്ത്	-	16 വീടുകൾ
2. കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത്	-	28 വീടുകൾ
3. മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത്	-	34 വീടുകൾ

(ബി) പായിപ്ര ഗ്രാമ പഞ്ചായത്തിലെ 11 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 2 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂത്താട്ടുകുളം, മഞ്ഞള്ളൂർ പഞ്ചായത്തുകളിൽ വീട് പുനർ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ പഞ്ചായത്തിനും ഹൗസിംഗ് ബോർഡിൽ നിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. പായിപ്ര - 6,62,500 രൂപ
2. കൂത്താട്ടുകുളം - 6,24,000 രൂപ
3. മഞ്ഞള്ളൂർ - 7,93,000 രൂപ

സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

151 (4504) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത് നടത്തുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ ചെലവഴിക്കേണ്ടിവരും ;

(സി) പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഇതിനായി എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ഡി) തിക്കോടി ഗ്രാമപഞ്ചായത്തിൽ കെ.എസ്.എച്ച്.ബി. നിർമ്മാണം പൂർത്തിയാക്കിയ ഫ്ളാറ്റുകളിൽ ചിലതിന് കേടുപാടുകൾ പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കേടുപാടുകൾ മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലുള്ള ഭവന നിർമ്മാണ പദ്ധതികളാണ് ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത് നടത്തുന്നത്.

1. തിക്കോടി - 20 വീടുകൾ
2. ചെങ്കോട്ടുകാവ് - 28 വീടുകൾ
3. ചേമഞ്ചേരി - 25 വീടുകൾ

(ബി) ടി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആകെ 2,97,67,354 രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(സി) തിക്കോടി വില്ലേജിലെ 20 വീടുകളുടെ നിർമ്മാണമാണ് ഇതിനോടകം പൂർത്തിയാക്കിയത്. ഇതിന്റെ നിർമ്മാണത്തിന് ചെലവായ തുകയുടെ വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly